# GHS PATTANCHERY




## സോപാനം

[ഡിജിറ്റൽ മാഗസിൻ]

# Little Kites Team




Kite Master



Kite Mistress



**HEADMISTRESS**




## <u>മാഗസിൻ കമ്മിറ്റി</u>

_ARUNDAS.R HSA (SITC)

MURSHIDA BANU.N.I

BALA KUMAR.K

ABHITH.S

BIJITH.B

SIVAN.C

MUHAMAD SHAFEEK.S

AFZANA.A

AHALYA.E

## ആമുഖം

അനുനിമിഷം മാറികൊണ്ടിരിക്കുന്ന ലോകത്ത് വിചാരവിനിമയ സാങ്കേതിക വിദ്യയുടെ അനന്തസാധ്യതകൾ, അസാധ്യമായി കരുതിയിരുന്ന പലതിനെയും സാധ്യമാക്കിയിരിക്കുന്നു. പാഠ-പുസ്തകത്തിൽ ചിട്ടപ്പെടുത്തിയിരിക്കുന്ന കേവലമായ അറിവു-കളുടെ വിനിമയത്തിനപ്പുറം അധ്യാപകർക്കും വിദ്യാർത്ഥിയുടെ-യും സജീവവും സമ്പൂർണ്ണമായ പങ്കാളിത്തത്തോടെയുള്ള പ്രവർത്തനാധിഷ്ഠിതവും ശിശുകേന്ദ്രീകതവുമായ ഒരു വിദ്യാഭ്യാസ രീതിയാണ് ഇന്ന് നിലവിലുള്ളത്. വിവരവിനിമയ സാങ്കേതിക വിദ്യയുടെ സങ്കേതങ്ങൾക്കും ഉപകരണങ്ങൾക്കും ഇത്തരമൊരു പ്രക്രിയയിൽ വലിയ പങ്ക് വഹിക്കാനാവും. സാങ്കേതിക വിദ്യ-യോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർ-ഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിനായി പൊതുവിദ്യാല യങ്ങളിൽ നടപ്പിലാക്കി വരുന്ന കുട്ടികളുടെ ഐ.ടി. കൂട്ടായ്മയാണ് 'ലിറ്റിൽ കൈറ്റ്സ്".

സമ്പന്നമായ പാരമ്പര്യങ്ങളാൽ അലംകതമായ മലയാളഭാഷയേയും സംസ്കാരത്തേയും കുറിച്ച് കൂടുതൽ അറിയാനും സാഹിത്യ സാംസ്കാരിക തലങ്ങളെക്കുറിച്ച് കൂടുതൽ ധാരണ രൂപപ്പെടുത്തുവാനും കുട്ടികളെ പ്രാപ്തരാക്കുവാനും വേണ്ടി പരിശ്രമിച്ചതിന്റെ ആദ്യപടിയായാണ് ലിറ്റിൽകൈറ്റ്സ് സ്വന്തമായി തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിൻ. അതിനായി കഴിഞ്ഞ മൂന്നു മാസമായി കൈറ്റ്സ് അംഗങ്ങൾ വിവിധ ഗ്രൂപ്പുകളായി പ്രീപ്രൈമറി മുതൽ പത്താംതരം വരെയുള്ള ഓരോ ക്ലാസുകളിലെയും മികച്ച സൃഷ്ടികൾ കണ്ടെത്തുകയും അവ എഡിറ്റ് ചെയ്തു നല്ലൊരു മാഗസിനാക്കുകയും ചെയ്തിരിക്കുന്നു. പൂർണ്ണമായും ഈ വിദ്യാലയത്തിലെ ലിറ്റിൽകൈറ്റ്സ് അംഗങ്ങളുടെ പൂർണ്ണപങ്കാളിത്തത്തോടെ തയ്യാറാക്കിയ ഈ മാഗസിനിൽ കഥകൾ, കവിതകൾ, ചിത്രങ്ങൾ, പോസ്റ്ററുകൾ വിദ്യാലയ ചരിത്രം തുടങ്ങി നിരവധി വിഷയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇങ്ങനെയൊരും സംരംഭത്തിന് തുടക്കം കുറിച്ച KITE-ന് കടപ്പാടറിയിച്ചുകൊണ്ട്..(മാഗസിന്റെ പേര്) സമർപ്പിക്കുന്നു.

# ഉള്ളടക്കം


നവകേരളം

കേരളത്തിന്റെ അഭിമാനം

കേരളം ഗാനം

വായനാക്കുറിപ്പ്

മനസ്സ്

കണ്ണന്റെ പ്രണയ കഥ

എന്റെ സങ്കൽപ്പ കേരളം

എന്റെ മനസ്സിലെ മഴ

മാമ്പഴം

അമ്മ

തേനിച്ച ചോദിച്ച വരം

മാവ്

മാങ്ങക്കറികൾ

പ്രളയം

അനിമേഷൻ

scratch

വായന കുറിപ്പ്

അക്ബറും മാങ്ങയും

അമ്പിളി കാലം

കലാരൂപം

പട്ടേരിയുടെ ചരിത്രം




# നവകേരളം

തയ്യാറാക്കിയത്



ഫാത്വിമ ഹിബ .യു
V.B
ജി.എച്ച്.എസ്
പട്ടഞ്ചേരി

# എന്റെ സങ്കൽപത്തിലെ നവകേരളം താഴെ പറയുന്ന പ്രകാരമാണ്

## *വിദ്യാലയങ്ങൾ*

- ഓരോ വിദ്യാലയങ്ങളിലേയും ഭൗതിക സൗകര്യങ്ങൾ അന്താരാഷ്ട്രനിലവാരത്തിലുള്ളതായിരിക്കണം.
- വിദ്യാർഥികൾക്ക് പുസ്തക സഞ്ചിയുടെ ഭാരമില്ലാതെ സ്കൂളിലേയ്ക്ക് പോകുവാനുള്ള സൗകര്യം -( ലാപ്ടോപ്പ് /ടാബ് മാത്രം കൊണ്ടുപോവുക )
- സ്കൂളിൽ ഒരു സെറ്റ് പുസ്തകം ,വീട്ടിൽ ഒരു സെറ്റ് പുസ്തകം
- വിശാലമായ ക്ലാസ്സ് മുറികൾ
- ഓരോ കുട്ടികൾക്കും പ്രായത്തിനനുചിതമായ മേശയും കസേരയും പഠനസാമഗ്രികൾ വയ്ക്കുവാനുള്ള സ്ഥലവും.
- ക്ലാസ്സ് റൂമിനോട് ചേർന്നുള്ള വൃത്തിയുള്ള ടോയ്ലറ്റ്.
- വിവിധ നിറങ്ങളും ചിത്രങ്ങളും കൊണ്ടലങ്കരിച്ച

**വൃത്തിയുള്ള ക്ലാസ്സ് മുറികൾ**

- **ഓരോ ക്ലാസ്സിലും ഇ - ലൈബ്രറി**
- **വിദ്യാർഥികളുടെ കഴിവുകളെ വാർത്തെടുക്കുവാനായി ഓരോ മേഖലയിലും പ്രവർത്തന സജ്ജരായ സ്പെഷ്യലിസ്റ്റ് അധ്യാപകർ.**
- **വിശാലമായ അസംബ്ലി ഹാൾ**
- **വിശാലമായ ഭക്ഷണശാല -സ്വന്തമായി ഭക്ഷണം വിളമ്പിക്കഴിക്കാനുള്ള സൗകര്യം (ബൊഫെ മോഡൽ)**
- **ശുദ്ധജലം ഓരോ ക്ലാസ്സിലും ലഭ്യമാക്കുക**
- **നീന്തൽക്കുളം - എല്ലാ കുട്ടികൾക്കും നിർബന്ധിത നീന്തൽ പഠനം**
- **കരാട്ടെ ,യോഗ തുടങ്ങിയവ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുക**
- **വിദ്യാർഥികൾക്ക് ഇഷ്ടമുള്ളവ തിരഞ്ഞെടുത്ത് പരിശീലനം നടത്താൻ സൗകര്യമുള്ള വിദ്യാലയം (നൃത്തം ,സംഗീതം,സംഗീതോപകരണങ്ങൾ....)**
- **ഫുട്ബോൾ കോർട്ട്,ക്രിക്കറ്റ് ഗ്രൗണ്ട്,ഷട്ടിൽ ബാറ്റ്മിന്റൺ കോർട്ട് തുടങ്ങിയവയെല്ലാമുള്ള ഇന്റോർ /ഔട്ട്ഡോർ സ്റ്റേഡിയങ്ങളുള്ള വിദ്യാലയം.**
- **Aided, Unaided, Govt തുടങ്ങി വിദ്യാഭ്യാസ**

മേഖലയിലെ വ്യത്യാസങ്ങൾ ഇല്ലാതാക്കുക

- ഏകീകൃത സിലബസ്സ് നടപ്പിലാക്കുക
- പാടെ പരിഷ്കരിച്ച പരീക്ഷാസമ്പ്രദായം- കാണാപാഠം പഠിക്കുവാനുള്ള കഴിവ് പരിശോധിക്കുന്നതിനു പകരം പുസ്തകങ്ങളും സാങ്കേതികവിദ്യയും ഉപയോഗിച്ച് നടത്തുന്ന കുട്ടികളുടെ കഴിവ് കണ്ടെത്തുവാനുള്ള പരീക്ഷകൾ.
- പരിസ്ഥിതിയോട് ചേർന്ന് നിന്നു കൊണ്ടുള്ള പ്രായോഗിക പഠനങ്ങൾ.
- ക്ലാസ്സ്മുറികളിൽ കുട്ടികളുടെ എല്ലാ പ്രവർത്തനങ്ങളും അറിയുവാനായി ക്യാമറകൾ സ്ഥാപിക്കുക.
- പൂന്തോട്ടങ്ങൾ ,തണൽ മരങ്ങൾ,ചിൽഡ്രൻസ് പാർക്ക്, ഒഴിവുവേളകളിൽ വിശ്രമിക്കാനുള്ള **Refreshment Room** എന്നിവയുള്ള വർണശബളമായി മോടി പിടിപ്പിച്ച, വഴികളിലും ചുമരുകളിലും പഠനാശയങ്ങൾ  ആകർഷകമായി ആലേഖനം ചെയ്ത വിശാലമായ ഗവ. വിദ്യാലയങ്ങൾ.
- ദേശീയഗാനം,പ്രാർത്ഥന,**bell** ,മുതലായവ എല്ലാവർക്കും അറിയുവാൻ പാകത്തിൽ

ക്ലാസുകളിൽ ഇലക്ട്രിക്ക് സംവിധാനം ഒരുക്കൽ.

- വിശാലമായ ലൈബ്രറിയുടെ മുഴുവൻ സമയ പ്രവർത്തനത്തിനായി സ്ഥിരം ലൈബ്രേറിയൻ ഉണ്ടായിരിക്കൽ.
- ഫീൽഡ് ട്രിപ്പുകൾ കാര്യക്ഷമമാക്കിയ വിദ്യാലയങ്ങൾ.
- പ്രീ-പ്രൈമറി മുതലുള്ള എല്ലാ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള സൗജന്യ വിനോദയാത്ര സംവിധാനം.
- താല്പര്യമുള്ളവർക്ക് ഗവേഷണസൗകര്യം ഒരുക്കിക്കൊടുക്കുന്ന വിദ്യാലയങ്ങൾ.
- പ്ലാനറ്റോറിയങ്ങളുള്ള വിദ്യാലയങ്ങൾ.
- കുട്ടികളിലെ സർഗ്ഗവാസനകൾ കണ്ടെത്തി കൃത്യമായ പരിശീലനം നൽകുവാൻ തയ്യാറായ പ്രതിഭകളുള്ള ടാലന്റ് ലാബുകൾ സുസജ്ജമായി പ്രവർത്തിക്കുന്ന വിദ്യാലയങ്ങൾ.
- പ്രീപ്രൈമറി മുതൽ എല്ലാവർക്കും എപ്പോഴും ഉപയോഗിക്കാൻ പാകത്തിൽ എല്ലാ വിഷയങ്ങൾക്കും പ്രത്യേകം പ്രത്യേകം ലാബുകൾ (ഭാഷാ ലാബ് , സാമൂഹ്യ ശാസ്ത്രലാബ്,കലാ/കായിക പ്രവൃത്തി പരിചയ ലാബ്, ഗണിത ലാബ് etc....)

- ലാബുകളുടെ മുഴുവൻ സമയ പ്രവർത്തനത്തിനായി പ്രത്യേകം ലാബ് അസിസ്റ്റന്റുമാർ.
- ഗാന്ധിജിയുടെ തൊഴിൽ നൈപുണി വിദ്യഭ്യാസം കാര്യക്ഷമമായി നടപ്പിലാക്കിയ വിദ്യാലയം .
- ഉൽപന്നങ്ങൾ വിറ്റഴിക്കാനുള്ള വിപണി കണ്ടെത്തിയ വിദ്യാലയം.
- പഠനോല്പന്നങ്ങൾ പ്രദർശിപ്പിക്കാനായി സ്ഥിരം ഗാലറി
- ചിത്ര/ഡോക്യുമെന്ററി/ചലചിത്ര

പ്രദർശനങ്ങൾക്കുള്ള

- ഡോക്ടറുടെയോ നഴ്സിന്റേയോ മുഴുവൻ സമയ സേവനം
- പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് അവരുടെ എല്ലാ ആവശ്യങ്ങളും നിറവേറ്റാൻ വേണ്ട സൗകര്യം ഒരുക്കിയ വിദ്യാലയം .
- ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്ക് മുകൾ നിലകളിലേക്ക് പോകുവാൻ ലിഫ്റ്റ് /എസ്കലേറ്റർ സൗകര്യം.
- കുട്ടികളെ വീടുകളിൽനിന്നും സൗജന്യമായി കൊണ്ടുവരുവാനും തിരികെ കൊണ്ടു പോകുവാനുമുള്ള സൗകര്യം (സൗജന്യ യാത്രാ സംവിധാനം)

- ആൺകുട്ടികൾ,പെൺകുട്ടികൾ എന്ന വ്യത്യാസമില്ലാതെ രണ്ടു കൂട്ടർക്കും സൗകര്യ പ്രദമായ രീതിയിലുള്ള യൂണിഫോം കോഡ് (ചില കോളേജുകളിൽ നടപ്പിലാക്കിവരുന്ന പാന്റ് ,ഷർട്ട്, കോട്ട് പോലുള്ളവ)
- സ്കോളർഷിപ്പുകൾ ജാതിയുടെ പേരിൽ നൽകുന്നത് നിർത്തലാക്കി എല്ലാവർക്കും തുല്യമായി നൽകുക (SC/ OBC/ MUSLIM/ ST/ ect........ ഗ്രാന്റുകൾ ഇല്ലാതാക്കുക.)
- Apl,Bpl വേർതിരിവ് വിദ്യാലയങ്ങളിലെങ്കിലും ഒഴിവാക്കുക.

-----------------------------------------------------
-

## മാലിന്യ മുക്ത കേരളം

കേരളത്തെ മാലിന്യ മുക്തമാക്കാൻ,

* റോഡരികിൽ മാലിന്യങ്ങൾ നിക്ഷേപിക്കരുത്.
* എല്ലാ സ്ഥലങ്ങളിലും മാലിന്യം നിക്ഷേപിക്കാൻ waste bins സ്ഥാപിച്ച് ദിവസവും മാലിന്യങ്ങൾ നീക്കം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കൽ.
* റോഡുകളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നവരെ ക്യാമറകൾ

സ്ഥാപിച്ച് കണ്ടെത്തി ,ശക്തമായ ശിക്ഷാനടപടികൾ സ്വീകരിക്കൽ.

* ഓരോ വീടുകളിലും മാലിന്യ സംസ്കരണ പ്ലാന്റുകൾ വേണം.
* പ്ലാസ്റ്റിക്-ഖര മാലിന്യങ്ങൾ വീടുകൾ തോറും ശേഖരിച്ച് മാലിന്യ സംസ്കരണം പ്രകൃതിയ്ക്ക് ദോഷകരമല്ലാത്ത രീതിയിൽ നടത്തണം.
* ജൈവമാലിന്യപ്ലാന്റ് നിർമ്മിച്ച് അതിൽ നിന്നും പാചകവാതകവും വളവും ഉൽപാദിപ്പിച്ച് ജൈവപച്ചക്കറികൾ സ്വന്തമായി നിർമ്മിക്കൽ
* വിഷമില്ലാത്ത വിളകൾ സ്വന്തമായി ഉത്പാദിപ്പിക്കുന്ന കേരളം.

---

- മതങ്ങളുടെ പേരിലും രാഷ്ട്രീയത്തിന്റെ പേരിലും പ്രശ്നങ്ങൾ ഉണ്ടാക്കാതെ സൗഹാർദത്തോടെയും സന്തോഷത്തോടെയും കഴിയുന്ന കേരളം.
- എല്ലാ കേരളീയരും ഉച്ചനീചത്വമില്ലാതെ, സാമ്പത്തിക ഭദ്രത കൈവരിച്ച കേരളം
- ഓഫീസുകളിൽ കയറിയിറങ്ങാതെ വീട്ടിലിരുന്നു തന്നെ സർട്ടിഫിക്കറ്റുകൾക്കും മറ്റ് ആവശ്യങ്ങൾക്കും ഇന്റർനെറ്റ് വഴി സമയ ദൈർഘ്യമില്ലാതെ

ഇടപാടുകൾ നടത്താൻ സാധിക്കുന്ന നവകേരളം.

- അഴിമതി രഹിത കേരളം.
- തൊഴിൽ രഹിതരില്ലാത്ത കേരളം.
- ഭൂരഹിതരില്ലാത്ത കേരളം
- ഭവനരഹിതരില്ലാത്ത കേരളം
- എല്ലാ വീടുകളിലും വൈദ്യുതിക്കായി സൗരോർജപാനലുകൾ
- പോസ്റ്റുകൾ വഴി വൈദ്യുതി വീടുകളിലെത്തിക്കുന്ന സംവിധാനം ഒഴിവാക്കി ഭൂമിക്കടിയിലൂടെ വൈദ്യുതി എത്തിച്ച് , മരങ്ങളും മറ്റും വീണുണ്ടാകുന്ന വൈദ്യുതി തടസ്സം ഇല്ലാതാക്കുകയും റോഡിലുള്ള തടസങ്ങൾ നീക്കി, തണൽമരങ്ങളും പൂക്കളും നിറഞ്ഞ ഭംഗിയുള്ള റോഡുകൾ.(ഭൂഗർഭ ഇലക്ട്രിസിറ്റി സംവിധാനം)
- എല്ലാ റോഡുകളും രണ്ടുവരി / മൂന്നുവരി പാതകളാക്കുക.
- റോഡിനിരുവശവും തണൽമരങ്ങൾ നിറഞ്ഞ കേരളം.
- റോഡിന് കേടുകളെന്തെങ്കിലും സംഭവിച്ചാൽ ഉടൻതന്നെ നേരെയാക്കാനുള്ള മോബൈൽ റോഡ് വർക്ക്ഷോപ്പ് സംവിധാനം.
- റബ്ബറൈസ്ഡ് റോഡുകൾ.
- ആക്സിഡന്റുകൾ സംഭവിച്ചാൽ സംഭവസ്ഥലത്ത്

വച്ച് തന്നെ അത്യാവശ്യ ചികിത്സകൾ നൽകുവാനുള്ള സംവിധാനം (ആംബുലൻസിൽ തന്നെ ഡോക്ടർ ,നഴ്സ്, മരുന്ന് കിറ്റുകൾ മുതലായവ ഉണ്ടായിരിക്കൽ.

- എല്ലാവർക്കും സൗജന്യ ചികിത്സാ സംവിധാനം.
- അന്താരാഷ്ട്രനിലവാരത്തിലുള്ള,ആർക്കും എപ്പോഴും ഭയമോ മടിയോ കൂടാതെ സമീപിക്കുവാൻ സാധിക്കുന്ന ഗവൺമെന്റ് ആശുപത്രികൾ
- അസുഖ ബാധിതരായ ആളുകൾക്ക് വീടുകളിലെത്തി സൗജന്യ ചികിത്സാ സൗകര്യവും മരുന്നുകളും നൽകുവാൻ സംവിധാനമുള്ള കേരളം. (മൊബൈൽ ഹോസ്പിറ്റൽ).
- മദ്യം,പുകയില വിഭവങ്ങൾ മറ്റു ലഹരി പദാർത്ഥങ്ങൾ എന്നിവ മുഴുവനായി നിർത്തലാക്കുക
- ഉപയോഗിക്കുന്നവർക്ക് കഠിനശിക്ഷ നൽകുക
- തെറ്റുചെയ്യുന്നവരെ കണ്ടെത്തിയാൽ മുഖം നോക്കാതെ നടപടിയെടുക്കുക

ആൺകുട്ടികൾ, പെൺകുട്ടികൾ, APL/BPL എന്നീ വേർതിരിവുകളില്ലാതെ ജാതി-വർഗ്ഗ ഭേദങ്ങൾക്കതീതമായി സാമ്പത്തിക സാംസ്കാരിക -രാഷ്ട്രീയ അരാജകത്വമില്ലാത്ത ഒരു സമത്വ സുന്ദര നവകേരളമാണ് എന്റെ സ്വപ്നത്തിൽ

കോടതിയും പോലീസ് സ്റ്റേഷനും ഒന്നുമില്ലാത്ത നിയമങ്ങൾ കൃത്യമായി പാലിക്കുന്ന യാതൊരു വിധതിന്മകളും ചെയ്യാത്ത മലയാളികളുള്ള ഒരുനവകേരളമാവണം എന്റെ നാട്....

***************************************************

***************************************************

# കേരളത്തിന്റെ അഭിമാനം

കേരളത്തിനു നാളെ പിറന്നാൾ.
'നമ്മുടേതുമാത്രം' എന്ന് പറയാൻ
കേരളത്തനിമയുടെ എത്രയെത്ര
ഉദാഹരണങ്ങളാണ് നമുക്കു ചുറ്റും
മറ്റെങ്ങുമില്ലാത്ത ആഘോഷങ്ങൾ
ആചാരങ്ങൾ, നമ്മുടെ സ്വന്തം
കാർഷിക വിളകൾ.
ഉൽപ്പന്നങ്ങൾ ... ലോകം അംഗീകരിച്ച
നമ്മുടെ ചില പൈതൃകങ്ങൾ പരിചയപ്പെടാം

*ശുഭ .ബി* ***IX B***



കവിത

## കേരളം ഗാനം

നൊമ്പരമെഴുതിയ മഴയെ
കരയിൽ കണ്ണീർ കടലായ മഴയെ
നോവും നെഞ്ചാൽ
നിന്നോടോതാം, വീഴുവതില്ല ഞങ്ങൾ ഒന്നായി
കെട്ടിയുയർത്തും കേരളം ഒരുപുതുലോ-
കമതാകും.നമ്മളൊന്നായി നമ്മളൊന്നായി
പുഴയും തോട്ടം പുൽമേട്ടുകളും
പൂക്കളുമാകും വീണ്ടും
ജീവിത സമരതീകാറ്റിൽ തളരുവതില്ല ഞങ്ങൾ
പോയകിനാക്കൾ തിരികെവരും
ഒന്നായി കൊയ്തുവരും കണ്ണീരില്ല വേദമനയില്ല
നൊന്തു പഠിച്ചവർ ഞങ്ങൾ
ചെമ്മണ്ണിൽ വെന്തു പണിഞ്ഞവർ ഞങ്ങൾ
നൊമ്പരമെഴുതിയ മഴയെ...

മീര.ആർ 5B

*********

## വായനാക്കുറിപ്പ്

*ജോസഫ് മുണ്ടശ്ശേരിയുടെ കാവ്യപീഠിക എന്ന കൃതിയിൽ നിന്നും എടുത്ത കഥയാണ്'സൗന്ദര്യം' ഞാൻ വായിച്ച കഥയുടെ വായനക്കുറിപ്പാണ് ഞാൻ എഴുതുന്നത് സുകുമാര കലകളെക്കുറിച്ച് വ്യവഹരിക്കുമ്പോൾ ഉടനെ ചാടി വീണ് എന്നെ പറ്റി പറഞ്ഞേ അങ്ങോട്ടു കടക്കാവൂ എന്നാരെയും പിടിച്ചു നിർത്തുന്ന കുസൃതിക്കുട്ടനാണ് സൗന്ദര്യം.എന്താണീ സൗന്ദര്യം?എന്നൊരു ചോദ്യം ചോദിച്ചാൽ വിരലിൽ എണ്ണാനാവാത്ത ഉത്തരമായിരിക്കും നമ്മുടെ കൈയിൽ.ആഹ്ലാദനുഭൂതിയെ പുറത്തെടുത്തു വെയ്യാക്കാമെങ്കിൽ അതിനുള്ള പേരായിരിക്കണം സൗന്ദര്യം എന്നാണ് ജോസഫ് മുണ്ടശ്ശേരി പറയുന്നത്.നാം എന്തെങ്കിലും ഒന്നിനെ സുന്ദരമെന്ന്*

*പറയുന്നത് എപ്പോഴാണ്?നമ്മെ അത് നിഷ്കളങ്കമായി ആഹ്ലാദിപ്പിക്കുമ്പോഴാണ് അല്ലേ!സൗന്ദര്യം ഇന്ദ്രിയ വിഷയമായി മനസ്സിൻ ഇണങ്ങുമ്പോഴാണ് അതു നമ്മുക്ക് ആഹ്ലാദമായി തീരുന്നത്.അപ്പോൾ മനുഷ്യൻ അതിനെ സുന്ദരമായി എണ്ണുന്നുവെന്നാണ്.മനുഷ്യൻ സൗന്ദര്യത്തെക്കുറിച്ചും സൗന്ദര്യബോധത്തേക്കുറിച്ചും അത്ര തന്നേ ഒരു നിലവാരം കാണുന്നു ഒരു ഭംഗിയുള്ള പൂ ഉണ്ടായാൽ അത് പ്രകൃതിയുടെ സൗന്ദര്യമാണ്.എന്നുവെച്ചാൽ കലയിലെ ഒത്തിരിപ്പാണ് പ്രകൃതി സൗന്ദര്യം.*

*ശ്രുമ്യ.കെ*
*9.ബി*

---

വായനാക്കുറിപ്പ്

ഞാൻ അവസാനം ആയി വായിച്ച ഒരു കഥയാണ് ഇലഞ്ഞിപ്പൂമണമൊഴുകുന്ന നാട്ടു വഴികൾ എന്നതിൽ നിന്നെടുത്ത അമ്മമ്മ. എനിക്ക് ആ കഥ വളരെയധികം ഇഷ്ടപ്പെട്ടു അതിലുപരി എന്നെ സങ്കടപ്പെടുത്തി.അതിൽ അമ്മമ്മ എന്ന കഥാപാത്രം വളരെ പ്രധാനപ്പെട്ട കഥാപാത്രമാണ്.അമ്മമ്മയ്ക്ക് മൂന്നു പേരക്കുട്ടികൾ ഉണ്ട് അവർക്ക് അച്ഛനും അമ്മയും ഇല്ല.അമ്മമ്മ മൂന്നുപേരക്കുട്ടികളേയും വളരെ കഷ്ടപെട്ടാണ് വളർത്തിയത്.മൂന്നുപെരക്കുട്ടികളേയും ഓരൊരുത്തരായി ഹോസ്റ്റലിൽ അമ്മമ്മ വിട്ടു അമ്മയില്ലാത്ത കുട്ടികളെ നെഞ്ചോട് ചേർത്തുപിടിച്ച് വളർത്തേണ്ടതാണെന്ന് അമ്മമ്മയ്ക്ക് അറിയാഞ്ഞിട്ടല്ലാ അവരുടെ ആവശ്യങ്ങൾ നിറവേറ്റാൻ കഴിയാത്തതു കൊണ്ടാണ് അവരെ ഹോസ്റ്റലിൽ നിർത്തിയത്.എല്ലാ ദുഃഖങ്ങളും പേറി അമ്മമ്മ തനിച്ചാണ് താമസിക്കുന്നത്.അവർ വലുതായിട്ടെങ്കിലും അമ്മമ്മയെ അധ്വാനിക്കാൻ വിടാതെ മൂന്നുപേരും സന്തോഷത്തോടെ നോക്കണം എന്നു ഞാൻ അഗ്രഹിക്കുന്നു.എനിക്ക് ഈ കഥ ഒരിക്കലും മറക്കാൻ കഴിയില്ല.എന്റെ മനസ്സിൽ ആഴമായി പതിഞ്ഞ കഥ കൂടിയാണ് ഇത്.

—

അഞ്ജന.ബി 8B

# മനസ്സ്

എത്ര നാൾ ഇനിയും മനസ്സേപറയൂ
എന്നോട് പിണങ്ങാതെ
എനിക്കിസാധിക്കും ഒരു ലക്ഷ്യത്തിൽ
എത്താൻ എനിക്കൊപ്പം നിൽക്കു-
മോ നീ ജീവിതാവസാനം വരെ
കൈവിട്ടുപോവാതെ എന്റെ
പൊന്നു മനസ്സേ.....

എന്നിൽ സ്വപ്നങ്ങൾ വളർത്തി,
മോഹങ്ങൾതൊട്ടുണർത്തിയ
എന്റെ പൊന്നു മനസ്സേ പറയൂ
എനിക്കൊപ്പം നീ ഉണ്ടാവുമോ
പറയൂ എന്റെ പൊന്നു മനസ്സേ.....

സിനിമോൾ 9B

oooooooooooooooooooooooooooooooooooo
oooooooooooooooooooooooooooooooooooo
oooooooooooooooooooooooooooooooooooo

# കണ്ണന്റെ പ്രണയ കഥ

കണ്ണന്റെ പ്രണയ കഥ
കാടിന്റെ മധുര കഥ
രാധയുടെ ഇണയ കഥ
എന്റെ ഒരു ആത്മകഥ

സിനിമോൾ 9B

XXXXXXXXXXXXXXXXXXXXXXXXXXXXXXXXXXXXXXXXXX

## എന്റെ സങ്കൽപ്പ കേരളം

എന്റെ നാടെന്റെ നാടാണെന്റെ
കേരളം. പുഴകളും കാടും നിത്യ-
വസന്തവും ചേർന്നതിണെന്റെ
നാട്.തിന്മയും ദു:ഖവും ജാതി-
മതങ്ങളും ഇല്ലാത്തതാണെന്റെ പൊന്നു
നാട്.പുഴകളും മലകളും മലിനമാവത്തതാണെന്റെ നാട്. സ്നേഹവും
ദു:ഖവും ചേരുന്നതാണെന്റെ-
പൊന്നു നാട്.പ്രഭാതത്തിൽ സൂര്യനും
രാത്രിയിൽ ചന്ദ്രനും ആയി നമ്മുക്കെല്ലാം
വെട്ടം തരുന്നതാണെന്റെ പൊന്നു ഭൂമി
എത്ര എത്ര സുന്ദരം എന്റെ കേരളം
ഞങ്ങൾക്കഭിമാനം. കൊച്ചു കൊച്ചു സൗഹൃദങ്ങൾ പിച്ചവച്ചും എന്റെ
ഈ
പൊന്നു നാട്ടിൽ വച്ചു തന്നെ.........

സിനിമോൾ 9B

# <u>എന്റെ മനസ്സിലെ മഴ</u>

മലരെന്ന മനസ്സേ മഴ എന്ന മധുവേ
നിൻ കണ്ണീർ മധുരകനിപോൽ
നിറച്ചിരിക്കുന്നു കണ്ണുനീരാൽ
പ്രപഞ്ചം സന്തോഷിപ്പിക്കുന്നു
അത് മഴയായി പൊഴിയുമ്പോൾ
അനേകം ജീവജാലകങ്ങൾക്ക്
വിശപ്പും,ദാഹവും മാറ്റുവാനും,
വൃക്ഷങ്ങൾക്കും ചെടികൾക്കും
കുളിർമ്മപകരാനും നിൻ കണ്ണു-
നീർ പൊഴിച്ചാലും സന്തോഷ-
ത്തോടെ മഴയേ മധുവേ നീ
ഈ പ്രപഞ്ചത്തിന് നൽകുന്നത്
ഒരു സങ്കടമല്ലാ ഒരു പരുതി-
വരെ അനേകം പേർക്ക്
സന്തോഷമാണ് നീ അനേകം
മുത്തുകൾ പോൽ പൊഴിയുമ്പോൾ
വരണ്ടുണങ്ങിയ പ്രദേശം പോലും
കുളിർമ്മയാൽ നൃത്തം ചെയ്യാൻ
ആഗ്രഹിക്കും.പൊഴിയിക്കു
നിന്റെ മധുര കനികളേ മഴ
എന്ന മധുവായ് മലരെന്ന
മനസ്സായി...........

സിനിമോൾ 9B

## അമ്മ

കാണാൻ കൊതിച്ച ആ മുഖം
കാണാതിരിക്കുമ്പോഴുള്ള ആ നൊമ്പരം
നിന്റെ ദുഃഖം മറച്ചുവെച്ച് എന്റെ
സന്തോഷം കാണാൻ കൊതിച്ച
ആ മനസ്സ്,വേറാർക്കും തരാൻ കഴിയാത്ത
സ്നേഹം ആ മനസ്സ് എനിക്കു തന്നു........

AHALYA/SREMYA 9B

ചെറുകവിത

## മാമ്പഴം

എപ്രിൽ മാമ്പഴം വന്നല്ലോ...
മാമ്പൂ തൈകൾ പൂത്തല്ലോ...
മാമ്പൂ തൈകൽ പൂത്തപ്പോൾ..
മാങ്ങ കുലച്ചു കാഴ്ച്ചല്ലോ..

മാങ്ങ കുലച്ചു കാഴിച്ചപ്പോൾ..
മാമ്പഴമായി മാറിയല്ലോ...
മാമ്പഴമൊന്നു വലിക്കും മുമ്പേ....
മാമ്പഴക്കാലം പോയല്ലോ.....

ശാലിനി.എസ് 10A

# കഥ

സന്തോഷമായി. അങ്ങനെ ആ ദിവസം കോരൻചന്തയിൽ
പോയി സാധനങ്ങൾ വാങ്ങുകയും ബാക്കിയുണ്ടായ
1/4 രൂപയ്ക്ക് ചിരുതയ്ക്ക് കുറച്ച് മുണ്ടുകൾ വാങ്ങി.

**എല്ലാം വാങ്ങി വീട്ടിലേക്കു പോന്നു. വീട്ടിലെത്തിയപ്പോൾ തന്റെ അച്ഛൻ വന്നിരിക്കുന്നു സന്തോഷം സഹിക്കാൻ കഴിഞ്ഞില്ല അവൻ അച്ഛനെ കെട്ടിപ്പിടിച്ചു കണ്ണു പിന്നീട് കോരൻ ചിരുത-യോട് സാധനങ്ങൾ അകത്തു വയ്ക്കാൻ പറഞ്ഞു. എന്നിട്ട് അച്ഛനോട് ചോദിച്ചു " ചിരുതപ്പെണ്ണ് കഴിക്കാൻ വല്ലോ? തന്നോ?" അച്ഛൻ പറഞ്ഞു ചിരുത മോള് എവിടെന്നോ കുറച്ച് അരിയും കപ്പയും വങ്ങിയിട്ടുവന്നു. അത് ഉച്ചയ്ക്ക് ഞങ്ങൾ കഴിച്ചു. വൈകിയിട്ട് മോള് കപ്പയും കാപ്പിയും തന്നു. ഇതു കേട്ടപ്പോൾ കോരന് സന്തോഷം വന്നു അവൻ ചിരുതയോട് നന്ദിപറഞ്ഞു . രാത്രി 3 പേരു ഭക്ഷണം കഴിച്ചു കിടന്നു കോരന് തൃപ്തിയായി അച്ഛന് ഒരു നേരമെങ്കിലും ഭക്ഷണം കോടുക്കണം എന്നായിരുന്നു.**

**" ചിരുത ഈ കഥയിൽ സനേഹത്തിന്റേയും തരുതലി-ന്റേയും ആൾ രൂപമാകുന്നു. താൻ കഴിച്ചില്ലെങ്കിലും ഭർത്താവിനേയും, ഭർതൃപിതാവിനേയും ഭക്ഷണം കൊടുത്ത ചിരുത ഈ കഥയിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു.........**

***************************************************************************
**************

കഥ

## തേനീച്ച ചോദിച്ച വരം

പണ്ട് ജീവജാലങ്ങൾ ഭൂമിയിൽ ഉണ്ടായ കാലത്തു
നടന്ന കഥയാണ്. കുറേ തേനീച്ചകൾ രാപ്പകൽ
അദ്ധ്വാനിച്ച് കുറേ തേൻ സംഭരിച്ചു. കൂട്ടിൽ മുഴുവൻ തേൻ നിറച്ച അറകളായി. അപ്പോൾ
ആ
തേനീച്ചക്കൂട്ടത്തിലെ ഒരു തേനീച്ചയ്ക്കു തോന്നി
സ്വർഗംവരെ ഒന്നു പോവണം, ദൈവത്തിനെ ഒന്നു കാണണം.സ്വന്തം ഗുരുവിനെയും
മാതാപിതാക്കളെയും ദൈവത്തെയും വെറും കൈയോടെ കാണുന്നതു ശരിയല്ലല്ലോ
അതുകൊണ്ടു തേനീച്ച ഒരു കുടം തേൻ കൊണ്ടു
പോയി ദൈവത്തിനു കാഴ്ച വച്ചു. ദൈവത്തിനു
വലിയ സന്തോഷമായി. ദൈവം ഇഷ്ടമുള്ള വരം
ചോദിച്ചോളാൻ പറഞ്ഞു. തേനീച്ച ആവശ്യപ്പെട്ട-
തെന്താണെന്നോ? താൻ ശേഖരിക്കുന്ന തേനെടുക്കാൻ വരുന്നവരെ കുത്താൻ ഒരു
കൊമ്പുതരണം. ഒറ്റക്കുത്തിന് അയാളെ കൊല്ലാ-നും കഴിയണം. ദൈവത്തിനു വലിയ മനഃ-
പ്രയാസം തോന്നി. എല്ലാജീവജാലങ്ങളിലും നന്മ
മാത്രം കൊണ്ടുവരുമെന്നാണ് ദൈവം ആഗ്രഹി-
ച്ചത്. ഇത്ര മധുരമുള്ള തേൻ ശേഖരിക്കുന്നവനാ-
യിട്ടും തേനീച്ചയുടെ മനസ്സിൽ ക്രൂരചിന്തയാ
ണല്ലോ ഉണ്ടായത്. അതുകൊണ്ട് ദൈവം പറ-
ഞ്ഞു. നിനക്ക് അങ്ങനെയൊരു കൊമ്പു തരാം
കുത്തേറ്റാൽ മരിക്കുകയും ചെയ്യും പക്ഷേ, കുത്തു കൊള്ളുന്നവനല്ല നീയാണ് മരിക്കുക
എന്ന് ഓർത്തോ ഇതാണ് എന്റെ ആസ്വാദനം.

നവനീത്.എം

# മാവ്

വൃക്ഷങ്ങൾ പലതുണ്ടെങ്കിലും വൃക്ഷങ്ങളിൽ വച്ചു വൃക്ഷമായത് മാവുതന്നെയാണ്.മാവു തളിരിടുമ്പോൾ മുതൽ നാട്ടുമ്പുറത്ത് ഉത്സവമാണ്.ഗ്രാമീണാന്തരീക്ഷം മാമ്പൂവിന്റെ മൃദുപോലെ  പരിമണം കൊണ്ട് നിറയും.ഉണ്ണി മാങ്ങപരുവം മുതൽ മാവിൻ ചുവട്ടിലെ സദ്യ ആരംഭിക്കുകയായി. ഏതു പരുവത്തിലാണ് മാങ്ങ ആസ്വാദ്യമല്ലാത്തത്!പച്ച മാങ്ങ അൽപം ഉപ്പ് ചേർത്ത് കറുമുറ...കറുമുറ ചവച്ചുതിന്നാൻ,കൊത്തിയൊലിക്കുന്ന ഉമിന്നീരിൻെറ വേഗം കൊണ്ട് അണകൾ കോച്ചി പോകും.അത്ര രസമാണ്.മാങ്ങ പഴുത്തു കഴിയുമ്പോഴാണല്ലോ രസം അതിൻെറ പരമോചനില പ്രാപിക്കുന്നത്.കൈയിൽ വെചൊന്നു കശക്കി ഊറിക്കുടിച്ചാലുള്ള അമൃത രസത്തിനുമീതേ രസം മറ്റൊന്നില്ലാ.മാത്രമാണോ?മാങ്ങക്കാലം കഴിഞ്ഞാലും ആണ്ടോടാണ്ടു പല രൂപഭേദങ്ങളിൽ നാം മാങ്ങ വച്ചു സൂക്ഷിച്ച ആസ്വദിക്കുന്നു.അതിൻെറ അണ്ടിപ്പരിപ്പു പോലുംഔഷധ മൂല്യമുള്ള ഭക്ഷ്യമാണ്





ചക്കര  മാങ്ങ

ചന്ദന  മാങ്ങ

ചന്ദ്രകാലൻ  മാങ്ങ

കൽപൂര  മങ്ങ

കണ്ണി  മാങ്ങ

ചട്ടി  മാങ്ങ

ഗോ  മാങ്ങ

ചോള  മാങ്ങ

ചാവുൺസ  മാങ്ങ

അൽഫോൺസ  മാങ്ങ

നീലം  മാങ്ങ

മുവാണ്ടൻ  മാങ്ങ

പരിക്ക  മാങ്ങ

ഓലെ  മാങ്ങ

പിയോർ  മാങ്ങ

വെള്ളരി  മാങ്ങ

പാ് മാങ്ങ

ലാറ  മാങ്ങ

ദാസറി മാങ്ങ

കൽപൂര  മങ്ങ

കണ്ണി  മാങ്ങ

ചട്ടി  മാങ്ങ

ഗോ  മാങ്ങ

ചോള  മാങ്ങ

ചാവുൺസ  മാങ്ങ

അൽഫോൺസ  മാങ്ങ

നീലം  മാങ്ങ്        സിൻദൂര  മാങ്ങസിൻദൂര  മാങ്ങ്

BALAKUMAR & SHAFEEK  9A

# മാങ്ങക്കറികൾ

മാങ്ങ അച്ചാറ്

മാങ്ങ കിച്ചടി

മാങ്ങ വറ്റൽ
മാങ്ങ പുളിശ്ശേരി
മാങ്ങ കറി
മാങ്ങ ജ്യൂസ്
മാങ്ങ ഉപ്പിലിട്ടത്
മാങ്ങ ഒലൻ
മാങ്ങ കൂട്ടുകറി
മാങ്ങ അവിയൽ

BIJITH  9A

കവിതാ രചന

വിഷയം :പ്രളയം

## മഴയാൽ തിരിച്ചറിവ്

എന്തിനാ? എന്തിനാ? എന്തിനാ?

നിൻ താണ്ഡവം കാണിച്ചത്...

എന്തിനാ? നിൻ ക്രൗരമുഖം

ഞങ്ങൾക്ക് കാണിചത്....

എന്തിനാ? നിൻപവിഴ മുത്തുകളെ

എറിക്കല്ലായി മാറ്റിയത്...

എന്തിനാ? നീപിശാചിൻമുഖം ചൂടിയത്...

എന്തിനാ? നീ അനേകം ജീവനെടുത്തത്...

നിൻ മനോഹാരിത കണ്ട് ഉത്സരിച-

ഞങ്ങൾ, നിൻ വരവിൽ ഭയത്തെ കാൺമൂ...

നിൻ വരവിന് പ്രാർത്ഥിച്ച ഞങ്ങൾ

വരാതിരിക്കാൻ ദൈവത്തോട് കരയുന്നു

നിൻ വരവിൽ ഊർജ്ജസ്രോതസ്സിനെ

കണ്ട നാൾ മറഞ്ഞു ...

നിൻ വരവിൽ പുഞ്ചിരി തൂകും

പൂവിൽ ചുണ്ടുമറഞ്ഞു...

നിൻ വരവിൽ എല്ലാം മറഞ്ഞു'

പക്ഷെ നിൻ വരവ്, അത്യാവശ്യം തന്നെ...

നിൻ വരവിൽ എല്ലാ മനുഷ്യരും ഒന്നാണെന്ന

# തിരിച്ചറിഞ്ഞു.....

നിൻ വരവിൽ എല്ലാം ഇല്ലാതായി ..

വീടും കുടിലും ഒഴുകി പോയതുപോലെ

വിഷം നിറഞ്ഞ ഹൃദയങ്ങളും ഒഴുകിപോയി

നിൻ താണ്ഡവത്തെക്കാൾ വലിയൊരു താണ്ഡവമില്ലെന്ന

തിരിച്ചറിഞ്ഞു....

എന്തനാ? എന്തിനാ? എന്തിനാ?

നീ വന്നതെന്നി സത്യവും

തിരിച്ചറിഞ്ഞു .....

നീ വന്നു, ലോകത്തിൻ

മനസ്സുകളെ ശുദ്ധീകരിക്കാൻ...

നീ വന്നു ഐക്യം എന്താണെന്നറിയാൻ

നീ വന്നു സമത്വം എന്ന വാക്കിനർത്ഥം ബോധ്യപ്പെടുത്താൻ.

നീ ജീവിതമെടുത്തുവെങ്കിലും

നീ കാട്ടികൊടുത്തു....


ജീവിതം എങ്ങനെ ജീവിക്കണമെന്ന്....

എന്തിനാ? എന്തിനാ? എന്തിനാ?...

നിൻ താണ്ഡവമിരക്കി....


അഫ്സാന.എ 9A

# അനിമേഷൻ





ചലനത്തിന്റെ പ്രതീതി ജനിപ്പിക്കുവാൻ വേണ്ടി **ദ്വിമാനമോ ത്രിമാനമോ** ആയ ചിത്രങ്ങളുടെ തുടർച്ചയും വേഗത്തിലുമുള്ള പ്രദർശനമാണ് ആനിമേഷൻ. ഇത് **വീക്ഷണസ്ഥിരത** എന്ന പ്രതിഭാസത്തെ അടിസ്ഥാനമാക്കിയുള്ള ഒരു സാങ്കേതിക വിദ്യയാണ്. ഒരു ദൃശ്യം നാം കണ്ടു കഴിഞ്ഞാലും അല്പനേരം (1/25 സെക്കന്റ്) നമ്മുടെ കണ്ണിൽ തങ്ങി നിൽക്കും. ഇതുമൂലം നിരന്തരം ചിത്രങ്ങൾ നമ്മുടെ കണ്ണിനുമുൻപിലൂടെ മാറി മാറി വരുമ്പോൾ നമുക്ക് അത് ചലിക്കുന്നതായി തോന്നുന്നു. നാമെല്ലാം കാർട്ടൂണുകൾ കാണാറുണ്ട് അവയ്ക്ക് ഉപയോഗിക്കുന്ന സാങ്കേതിക വിദ്യയാണിത്. ഒരു സെക്കന്റിൽ 12-24 തവണ ചിത്രങ്ങൾ മാറുമ്പോഴാണ് സാധാരണ വേഗതയിലുള്ള ഒരു ചലച്ചിത്രം ഉണ്ടാകുന്നത്. ചിത്രങ്ങളുടെ എണ്ണം ക്രമീകരിക്കുന്നതിലൂടെ നമുക്ക് ചലച്ചിത്രത്തിന്റെ വേഗത ക്രമീകരിക്കാനാവും.മഹാനായ

**ശാസ്ത്രജ്ഞനായ തോമസ് ആൽവ എഡിസണാണ് ഈ സാങ്കേതികവിദ്യയ്ക്ക് തുടക്കമിട്ടത്. വാൾട്ട് ഡിസ്നി, വില്യം ഹന്ന, ജോസഫ് ബാർബറ തുടങ്ങിയ അതികായന്മാർ ഈ രംഗത്ത് സ്തുത്യർഹ സേവനമനുഷ്ഠിച്ചവരാണ്.**



അനിമേഷനുകൾ ഉണ്ടാകാൻ അഡോബി ഫ്ലാഷ്, ഓട്ടോഡെസ്ക് മായ മുതലായ സോഫ്റ്റ്വെയറുകളാണ് സാധാരണയായി ഉപയോഗിക്കുന്നത്.


**************** ____________________*****************




ARUNDAS.R HSA(SITC)

**അനിമേഷൻ**, ഗെയിമുകൾ, ഇന്ററാക്ടീവ് അപ്ലെറ്റുകൾ,എന്നിവ തയ്യാറാക്കാൻ സഹായിക്കുന്ന ലളിതമായ ഒരു വിഷ്വൽ പ്രോഗ്രാമിംഗ് ഭാഷയാണ് സ്ക്രാച്ച്. **അമേരിക്കയിലെ മസാച്ചുസറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ** ലൈഫ് ലോംഗ് കിന്റർഗാർഡൻ റിസർച്ച് ഗ്രൂപ്പ് ആണ് ഇതി വികസിപ്പിച്ചത്. **പ്രോഗ്രാമിംഗ് ഭാഷയുടെ** അടിസ്ഥാന ധാരണകൾ ലഭിക്കാൻ ഇതിലെ പ്രവർത്തനങ്ങൾ സഹായിക്കുന്നു.

# Sprite



ARUNDAS.R HSA(SITC)

# വായന കുറിപ്പ്

ഞാൻ ഇത്തവണ വായിച്ച
എം.കെ.കൃഷ്ണകുമാറിന്റെ ഒരു സമരംഎന്ന
കഥയാണ് അസാധാരണമായ ഒരു
സമരത്തിന്റെവിവരണം ആണ് ഈകഥയിലുള്ളത്
"ചിന്തിക്കാനും ചിരിക്കാനും" ഈ കഥയിലൂടെ
നമുക്ക്കഴിയുംഒരു സമരത്തിൽ പ്രധാന
കഥാപാത്രമാണ് രണ്ട് പൂച്ചകളാണ്സമരം
എന്നകേട്ടാൽ അവർക്ക് പേടിയാണ്
വെപ്രാളപെടുകയുംചെയ്യുംഈ കഥ കുട്ടികൾക്ക്
നല്ലൊരു കഥയാണ് ഞങ്ങളുടെ
വൃത്തിവീടിന്റെയിം വൃത്തി എന്ന്
അംഗീകരിക്കുക. ഈ കഥയിൽ പൂച്ചകളാണ്

സമരം നടത്തുന്നത് ചൂലുകളെ കുളത്തിലെറിഞ്ഞ

ഒരാള്ക്ക്നേരെയാണ് സമരം

നടത്തുന്നത്കഥാകൃത്ത് നന്നായി വിവരിച്ചിട്ടുണ്ട്

ഈ കഥ നല്ല അനുഭവമാണ്ചൂലികളില്ലെങ്കിൽ

നാടിനുവീടിനുംവൃത്തിയും വെട്ടവും നൽകി

ശുചീകരണത്തിൽ നിങ്ങളെ സഹായിക്കുന്ന

ചൂലികളെപറ്റിയാണ് കവി പറയുന്നത്

ഋഷികേശ് കൃഷ്ണ.എ 8B

---

## അക്ബറും മാങ്ങയും

അക്ബറിന് മാങ്ങയെന്നുവച്ചാൽ ജീവനാണ്. ഒരുദിവസം തോട്ടതിൽ നിന്നും കുട്ടനിരയെ മാമ്പഴം കൊണ്ടുവന്നു. അക്ബറും രാജ്ഞിയും ഒരുമിച്ചിരുന്ന് സംസാരിക്കുകയായിരുന്നു. രാജാവ് മാമ്പഴം തിന്നുമന്നതും നോക്കി രാജ്ഞി ഇരുന്നു. രാജാവ് തിന്നു അതിന്റെകുരു രാജ്ഞിയുടെ അടുത്തിട്ടു. അപ്പോൾ അവിടെയെത്തിയ ബീർബലിനോട് രാജാവ് പറഞ്ഞു. നോക്കു ബീർബൽ രാജ്ഞി എത്ര മാമ്പഴമാണ് തിന്നിരിക്കുന്നത്. ഇത് രാജ്ഞിക്ക്

നാണക്കേടായിരുന്നു. പക്ഷെ പരിഹസിക്കുന്നത് എനയോ എന്ന് രാജ്ഞിക്ക് തോന്നി അപ്പോൾ ബീർബൽ പറഞ്ഞു. "അല്ലെ രാജാവെ രാജ്ഞിയെക്കാളും
അങ്ങാണ് തീറ്റകോതിയൻ. കാരണം രാജ്ഞി മാങ്ങകുരാവെങ്കിലും ബാക്കിവച്ചു. എന്നാൽ നിങ്ങൾ അതുപോലും ബാക്കിവച്ചില്ലല്ലോ." ഇതുകെട്ട് സദസിലെ എല്ലാവരും ചിരിചിച്ചു.

*ഹരികൃഷ്ണൻ.എസ് X.B*

••••••••••••••••••••••••••••••••••••••••••••••••••••••••••••••••••••••••••

കവിത

അമ്പിളി കാലം

ചെറുപ്പത്തിൽ എന്റെ അമ്മ
മാറൂട്ടിയതോ നിന്നെ കാണിച്ച്
നിൻ പുഞ്ചിരി കാണിച്ച്....
മാനത്തിലെ രാജകൊട്ടാരത്തിൽ
രാജ്ഞിയായി നീ വാഴുന്നു.
പാലിൽ കുളിച്ച്, പാലൊഴുകും
പുഞ്ചിരിയാൽ തിളങ്ങുന്നു.
നിൻ ചുറ്റിലും എത്ര പടയാളികൾ
മിന്നി കൊണ്ടിരിക്കുന്നു....
നിൻ സ്നേഹിതനോ അതിരാവിലെ
ഉണരുന്നു.....
നിൻ പുഞ്ചിരി എന്നെ എപ്പോഴും
സന്തോഷിപ്പിക്കുന്നു.
ഞാൻ ഉറങ്ങുമ്പോൾ നീ നിവോടു-
കൂടി ഉണർന്നിരിക്കുന്നു.....
ഞാൻ ഉണരുമ്പോൾ നീ ഉറക്കത്തിൽ
വീണു പോകുന്നു......
പന്നു പോലുള്ള മേഘങ്ങൾ
നിനക്ക് കട്ടിലൊരുക്കുന്നു.
നിനക്കെന്തൊരു ശോഭ,വെൺമ,നൈർമല്യം
എനിക്കും കുറച്ച് പകർന്നു തരൂ.....

# കലാരൂപം

അബിജിത്ത്.കെ VIIIB

## 1.തെയ്യം

വടക്കൻ മലബാറിലെ ഒരനുഷ്ഠാന കലാരൂപം




## 2.ഓട്ടം തുള്ളൽ

കുഞ്ചൻ നമ്പ്യാർ രൂപം നൽകിയ കേരളത്തിന്റെ തനതായകലാരൂപം



# 3.കഥകളി വേഷങ്ങൾ

കഥാപാത്ര സ്വഭാവമനുസരിച്ചാണ് കഥകളിയിലെ വേഷങ്ങൾ. പച്ച,കത്തി,കരി,താടി,മിനുക്ക് എന്നീ സ്വരജസ്തമോഗുണങ്ങളിൽ ഓരോ ഗുണത്തെ സ്വാംശീകരിക്കുന്നു .







# പട്ടഞ്ചേരിയുടെ ചരിത്രം

## ആമുഖം

കേരളത്തിന്റെ സാംസ്കാരിക ചരിത്രം പരിശോധിക്കുമ്പോൾ വളരെയധികം പ്രാധാന്യം പാലക്കാട് ജില്ലയ്ക്കുണ്ട്.ഈ ജില്ലയിലുൾപ്പെട്ട പട്ടഞ്ചേരി ഗ്രാമം ആദ്യകാലത്ത് തിരു-കൊച്ചി സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന ഡോ. എ.ആർ മേനോൻ കൊച്ചി മുഖ്യമന്ത്രിയായിരുന്നപ്പോൾ തിരഞ്ഞെടുത്ത ആറു മാതൃകാപഞ്ചായത്തുകളിൽ ഒന്ന പട്ടഞ്ചേരിയായിരുന്നു.കൂടാതെ പട്ടഞ്ചേരിക്ക് ജുഡീഷ്യറി അധികാരവും നിലവിലുണ്ടായിരുന്നു.

## ദേശചരിത്രം

പട്ടഞ്ചേരിയുടെ ആദ്യത്തെ പേര് ഭട്ടശ്രേണി എന്നായിരുന്നു.ആദ്യകാലത്ത് ഇവിടെ ബ്രാഹ്മണരിൽ പ്രമുഖനായ ഭട്ടന്മാരുടെ -ശ്രേണി എന്ന രീതിയിലായിരുന്നു ഭട്ടശ്രേണി എന്ന പേരുവരുന്നത് അതു പിന്നീട് ലോപിച്ച് പട്ടഞ്ചേരി എന്നായി മാറി.നമ്പൂതിരിയില്ലങ്ങൾ ആദ്യമിവിടെ ധാരാളമുണ്ടായിരുന്നുവെങ്കിലും മാപ്പിള ലഹളയും , ടിപ്പുവിന്റെ പടയോട്ടവും നിമിത്തം ആ ഇല്ലങ്ങൾ നാമശേഷമായി പിന്നീട് പട്ടഞ്ചേരിയുടെ സ്ഥാനികൾ നായർതറവാട്ടുകളിലായി.

നായർതറ,ചെട്ടിത്തറ,പണ്ടാരത്തറ,കുറാരത്തറ,ആശാരിത്ത-റ,മൂശാരിത്തറ,........ എന്നിങ്ങനെ ധാരാളം ആവാസകേന്ദ്രങ്ങളും അന്നും ഇന്നും പട്ടഞ്ചേരിയിൽ കാണാവുന്നതാണ്.ഇവരെല്ലാം തന്നെ അവരുടെ കുലത്തൊഴിലുകളിൽ പ്രാവീണ്യം നേടിയിരുന്നു.ഇവരുടെയെല്ലാം മുകളിൽ ( ഊരാണ്മ )
നായർ തറവാട്ടുകൾ തന്നെ.കൊച്ചിരാജാക്കന്മാർ ഇവർക്ക് പെരുമ്പടപ്പ് സ്വരൂപം അതായത് വെട്ടാൻ വാളും കെട്ടാൻ കയറും എന്ന അധികാരവും കുമാരൻ കണ്ണൻ എന്ന സ്ഥാനവും നൽകിയിരുന്നു ഈ നാട്ടു പ്രമാണിമാർ ഭരണ സൗകര്യത്തിനുവേണ്ടി ഈഴവ സമുദായത്തെ തെക്കുമുറി,വടക്കുമുറി,പടിഞ്ഞാറുമുറി,കിഴക്കുമുറി എന്നിങ്ങനെ നാലായി വിഭജിക്കുകയും ഓരോ വിഭാഗത്തിനും ഓരോ മൂപ്പിൽ വേലന്മാരെ മേൽ നോട്ടക്കാരായി നിയമിക്കുകയും ചെയ്തിരിക്കുന്നു.

പട്ടഞ്ചേരിയുടെ ഭവുടമാവകാശം നായർ വീട്ടുകാർക്കാണ്.എങ്കിലും കാർഷകത്തൊഴിലാളികളിൽ ഏറിയ പങ്കും ചെറുമരും ഈഴവരുമായിരുന്നു.

പട്ടഞ്ചേരി-ദേശ-സമുദായങ്ങളിൽ നിന്നും അല്പം വ്യത്യസ്ത വിഭാഗക്കാർ പണ്ടാരത്തറയിലാണ് ഉള്ളത്.ഇവർ ആന്ധ്രയിൽ നിന്നും ചിലർ തമിഴ്നാട്ടിലേയ്ക്കും തുടർന്ന് പട്ടഞ്ചരിയിലും കുടിയേറിയ വീരശൈവ ജംഗരാണ്. ഇതിനാൽ പ്രധാന വൈരുദ്ധ്യം ഭാഷയിലാണ്.ഇവർ തെലുങ്കും,തമിഴും,പിന്നെ നമ്മുടെ പ്രിയപ്പെട്ട പാലക്കാടൻ മലയാളവും സംസാരിക്കുന്നവരാണ്.എങ്കിലും ഇവർ

എല്ലാ സാംസ്കാരിക ആഘോഷങ്ങളിലും സജീവ പങ്കാളിയാണ്.

## ചെട്ടിത്തറ – തമിഴ് തമിഴ് ചെട്ടികളുടെ

സന്തതസഹചാരികളാണിവർ.ഇവിടത്തെ അന്തേവാസികൾ പട്ടഞ്ചേരി – തമിഴ്നാട്ടിലേയ്ക്കുള്ള വ്യാപാര ബന്ധങ്ങളിൽ പ്രാ- ധാന്യം.

## നായർത്തറ –

നായന്മാരുടെ ആവാസകേന്ദ്രമാണിത്.വിദ്യാഭ്യാസപരമായും സാംസ്കാരികപരമായും ഏറെ മുമ്പിൽ നിൽക്കുന്നവരാണിവർ.

കുംഭാരത്തറ , മൂശാരിത്തറ , ആശാരിത്തറ എന്നിവ ആവാസ കേന്ദ്രങ്ങളും പട്ടഞ്ചേരിക്കു നൽകിയ സംഭാവനകളും ഏറെയാണ്.

## വിദ്യാലയചരിത്രം

പട്ടഞ്ചേരി വെള്ളപ്പാട്ടെ വീട്ടിൽ നാരായണൻ മേനോൻ പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനത്തിലാണ് പട്ടഞ്ചേരി – കുടിപ്പള്ളിക്കൂടം ആരംഭിക്കുന്നത്.ഇതിനുള്ള സാമ്പത്തിക സഹായവും സ്ഥലവും നായർതറവാടുകളിൽ നിന്നും ലഭിച്ചിട്ടുണ്ടായിരുന്നു.1919 – ൽ

ശാലിനി.എസ് 10A




LITTLE KITES GHS PATTANCHERY